# കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല – പാലാ നഗരസഭ- 2014-15 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 2(9) പ്രകാരം തടസ്സപ്പെടുത്തിയ 3,91,853/- (മൂന്നുലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി എണ്ണൂറ്റി അൻപത്തിമൂന്ന് രൂപാ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.2259/18/തസ്വഭവ. തിരുവനന്തപുരം, തീയതി: 16/08/2018

പരാമർശം:- 1) നഗരകാര്യ ഡയറക്ടറുടെ 05/06/2018-ലെ എഫ് - 2 - 18431/16 - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ 2014-15 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 2-9 പ്രകാരം കരാറുകാരന് ചട്ടവിരുദ്ധമായി കിസ്തിളവനുവദിച്ചതുമൂലം നഗരസഭയ്ക്ക് നഷ്ടമായ 3,91,853/-(മൂന്നുലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി എണ്ണൂറ്റി അൻപത്തിമൂന്ന് രൂപാ മാത്രം) തടസ്സപെടുത്തിയിരുന്നു. ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് പരാമർശം(1) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2. പാലാ കൊട്ടാരമറ്റം ബസ് സ്റ്റാൻഡിലെ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് നടത്തുന്നതിന് കൂടിയ തുക ക്വോട്ട് ചെയ്ത ശ്രീ.സുരേന്ദ്രകുമാറിന് 5,50,101/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നല്കുകയും ടിയാൻ തുക നഗരസഭയിൽ അടയ്ക്കുകയും ഉണ്ടായി, എന്നാൽ ടി കരാറുകാരൻ കംഫർട്ട് സ്റ്റേഷൻ കേന്ദ്രീകരിച്ച് കഞ്ചാവ് വില്പന നടത്തിയതിനെ തുടർന്ന് പോലീസ് പിടിയിൽ ആകുകയും, തുടർന്ന് ടിയാന് കംഫർട്ട് സ്റ്റേഷൻ നടത്താൻ നല്കിയിട്ടുള്ള ലൈസൻസ് റദ്ദാക്കണമെന്ന് പോലീസ് അധികൃതരും റവന്യൂ ഡിവിഷണൽ ഓഫീസറും നഗരസഭയോട് ആവശ്യപ്പെടുകയുമുണ്ടായി. ഈയാവശ്യം പരിഗണിച്ച നഗരസഭാ കൗൺസിൽ ശ്രീ.സുരേന്ദ്രകുമാറിന്റെ ലൈസൻസ് റദ്ദാക്കാനും ടിയാൻ പിരിവ് നടത്തിയ കാലത്തെ തുക കിഴിച്ച് ആനുപാതികമായി ബാക്കി തുക തിരികെ നല്കുന്നതിനും തീരുമാനിച്ചെന്ന് നഗരകാര്യ ഡയറക്ടറുടെ അപേക്ഷയിൽ പറയുന്നു. ഇതുപ്രകാരം ടിയാൻ പരിവ് നടത്തിയ 3 മാസം 14 ദിവസത്തെ തുക 1,58,248/-രൂപയായി കണക്കാക്കി മൊത്തം ലേല തുകയിൽ നിന്നും കുറച്ച് 3,91,853/- രൂപാ കരാറുകാരന് തിരികെ നല്കുകയും ചെയ്തു.

3. എന്നാൽ ഈ നടപടി 1998 ലെ കേരള മുനിസിപ്പാലിറ്റി ( പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ ) ചട്ടങ്ങളിലെ 3, 4, 5 എന്നീ ചട്ടങ്ങളുടെ ലംഘനമാണെന്നും,

10000/- രൂപയിൽ കൂടുതൽ കിസ്തിളവ് അനുവദിയ്ക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് ചട്ടം 4 ൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് നിരീക്ഷിക്കുകയുണ്ടായി. ഈ ചട്ടം പാലിക്കാതെ ഏകകണ്ഠമായ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക തിരികെ നല്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നഷ്ടത്തിന് സെക്രട്ടറിയും തീരുമാനമെടുത്ത കൗൺസിൽ യോഗത്തിൽ പങ്കെടുത്ത 23 കൗൺസിലർമാരും ഉത്തരവാദികളാണെന്നും ടി നഷ്ടം അവരിൽ നിന്ന് ഈടാക്കണമെന്നും പാലാ നഗരസഭയുടെ 2014-15 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 2(9) ൽ പരാമർശിച്ചിട്ടുണ്ട്.

4. കരാറുകാരനായ ശ്രീ.സുരേന്ദ്രകുമാർ കംഫർട്ട് സ്റ്റേഷൻ കേന്ദ്രീകരിച്ച് കഞ്ചാവ് വില്പന നടത്തിയതിനെ തുടർന്ന് പോലീസ് കേസ് എടുത്ത സാഹചര്യത്തിൽ, പോലീസ് അധികൃതർ , റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരുടെ നിർദ്ദേശത്തെ തുടർന്നാണ് നഗരസഭ ടിയാനെ കരാറിൽ നിന്ന് ഒഴിവാക്കിയതെന്ന് നഗരകാര്യ ഡയറക്ടറുടെ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുത്തകക്കാരനുമായുള്ള എല്ലായിടപാടുകളും അവസാനിപ്പിക്കണമെന്ന് കൗൺസിലർമാർ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ പിരിവ് നടത്തിയ കാലത്തെ തുക കിഴിച്ച് ബാക്കി തുക തിരികെ നല്കാൻ തീരുമാനമെടുത്തതെന്നും അപേക്ഷയിൽ പറയുന്നു. പൊതുജനങ്ങൾക്ക് അത്യധികം ബുദ്ധിമുട്ട് ഉണ്ടാകുമെന്നതിനാൽ കംഫർട്ട് സ്റ്റേഷൻ ഒരു ദിവസം പോലും അടഞ്ഞു കിടക്കാൻപാടില്ലായെന്നതിനാലും, കരാറുകാരന് നോട്ടീസ് നല്കി നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച് ഒഴിവാക്കുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാലും ടിയാനെ എത്രയും വേഗംഒഴിപ്പിക്കാൻ കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായി. കരാറുകാരൻ കുറ്റക്കാരനാണെന്ന് കോടതിവിധിയില്ലാത്തതിനാൽ ടിയാൻ നിലവിൽ കുറ്റാരോപിതൻ മാത്രമാണെന്നും അതിനാൽ കരാർ ലംഘനം നടത്തിയെന്ന് വസ്തുതാപരമായി തെളിയ്ക്കാൻ ആവില്ലെന്നും അപേക്ഷയിൽ പറയുന്നു. ഈ സാഹചര്യത്തിലാണ് പിരിവ് നടത്തിയ കാലത്തെ തുക കിഴിച്ച് ബാക്കി തുക സുരേന്ദ്രകുമാറിനു നല്കാൻ കൗൺസിൽ തീരുമാനമെടുത്തതെന്നും നഗരകാര്യ ഡയറക്ടറുടെ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്.

5. കരാറുകാരൻ പ്രവർത്തിച്ച 3 മാസവും 14 ദിവസത്തേയും ബാധകമായ കിസ്റ്റ് ടിയാനിൽ നിന്നും ഈടാക്കിയതിനാൽ കിസ്തിളവ് നല്കിയെന്ന ഓഡിറ്റ് പരാമർശം ശരിയല്ലെന്നും, കുത്തകക്കാരനെ ഒഴിവാക്കിയതിനു ശേഷവും നഗരസഭ നേരിട്ട് കംഫർട്ട് സ്റ്റേഷൻ നടത്തി വരുമാനമുണ്ടാക്കിയതിനാൽ ഓഡിറ്റിൽ പരാമർശിക്കുന്ന നഷ്ടം ഉണ്ടായിട്ടില്ലെന്നും അപേക്ഷയിൽ വിശദീകരിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. നഗരസഭകൾ കംഫർട്ട് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നത് ലാഭം ഉണ്ടാക്കുന്നതിനല്ല. കംഫർട്ട് സ്റ്റേഷനുകളിൽ നിന്നുള്ള വരുമാനം

നഗരസഭയുട വരുമാന സ്രോതസ്സുകളിൽ പരിഗണിയ്ക്കപ്പെടുന്നതുമില്ല. പൊതുജന സൗകര്യാർത്ഥം പ്രവർത്തിപ്പിക്കുന്ന കംഫർട്ട് സ്റ്റേഷനുകൾ ലാഭമുണ്ടാക്കണമെന്ന് ശഠിയ്ക്കുന്നതിൽ അർത്ഥമില്ല. കരാറുകാരനെ ഒഴിവാക്കിയതിനു ശേഷവും നഗരസഭ നേരിട്ട് (കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലെങ്കിൽ കൂടി) കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിച്ച് വരുമാനമുണ്ടാക്കുകയുണ്ടായി. അതിനാൽ തന്നെ നഷ്ടമുണ്ടായെന്ന ഓഡിറ്റ് നിഗമനം നിലനിൽക്കയില്ല. കരാറുകാരൻ പ്രവർത്തിച്ച 3 മാസവും 14 ദിവസത്തേയും ബാധകമായ കിസ്റ്റ് ടിയാനിൽ നിന്നും ഈടാക്കിയതിനാൽ കിസ്റ്റിളവനുവദിച്ചെന്ന നിഗമനം ശരിയല്ലെന്ന നഗരസഭയുടെ വാദം പരിഗണനാർഹമാണ്. കരാറുകാരൻ കംഫർട്ട് സ്റ്റേഷനിൽ കഞ്ചാവ് കച്ചവടം നടത്തിയതിനെ തുടർന്ന് സംജാതമായ സവിശേഷ സാഹചര്യത്തിലാണ് ടിയാനെ ഒഴിവാക്കിയതെന്നതും പരിഗണിയ്ക്കേണ്ടതുണ്ട്.

7. ഈ വസ്തുതകൾ പരിഗണിച്ച് പാലാ നഗരസഭയുടെ 2014-15 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 2(9) ൽ തടസ്സപ്പെടുത്തിയ 3,91,853/- (മൂന്നുലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി എണ്ണൂറ്റി അൻപത്തിമൂന്ന് രൂപാ മാത്രം) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സന്തോഷ്.വി.എസ്.
അണ്ടർ സെക്രട്ടറി.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, പാലാ നഗരസഭ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ